## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1145** **30.09.2016-ലെ മറുപടിക്ക്**

## കെ.എസ്.ആർ.ടി.സി-യെ ലാഭത്തിലാക്കാൻ നടപടി

| <u>ചോദ്യം</u><br>ശ്രീ. കെ.വി.വിജയദാസ് | | <u>ഉത്തരം</u><br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈസർക്കാർ കെ.എസ്.ആർ.ടി.സി -യെ ലാഭത്തിലാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ? | (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരുന്നു. 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി ഇന്ധനം ലഭ്യമാകുന്നതോടെ, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പഠനത്തിനായി 24-9-16ലെ GO(Rt) No. 367/2016/Tran പ്രകാരം ഐ.ഐ.എം.ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ